10. കോടിക്കുളം - കുറമ്പഗേവതി റോഡ്
11. തുരുത്തി അമ്പലം-ഓർക്കുളം കാവ് റോഡ്
12. ഓരി ഹെൽത്ത് സെന്റർ എടത്തെ കുറിഞ്ഞി വളപ്പ് അമ്പലം റോഡ് (മെറ്റലിംഗും ടാറിംഗും)
13. ഓടിക്കുളം ടെമ്പിൾ - ജുമാമസ്ജിദ് റോഡ്
14. കാവുംചിറ-കാടങ്കോട് ഫിഷ്ലാന്റിംഗ് സെന്റർ റോഡ്

(ബി) ഇവയിൽ വെള്ളാപ്പ് ഇടയിലക്കാട് റോഡിന്റെ ടാറിംഗ് കഴിഞ്ഞു. ബാക്കിയുള്ള 13 റോഡുകളുടെയും പണി നടന്നു വരുന്നു.

25 (1127) പാളിയത്ത് വളപ്പ ചേരപാൻ തോട്ടം റോഡ്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഫിഷറീസ് റോഡ് പ്രവൃത്തിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച പാളിയത്ത് വളപ്പ ചേരപാൻ തോട്ടം റോഡിന്റെ നീളം എത്ര കിലോമീറ്റർ ആണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) എത്ര കിലോമീറ്റർ റോഡാണ് ടാർ ചെയ്യുവാൻ ഉദ്ദേശിക്കുന്നത് എന്നും എത്ര മീറ്റർ വീതിയിലാണ് ടാർ ചെയ്യുന്നത് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിൽ ജില്ലാ പഞ്ചായത്ത് മുഖേന ടാർ ചെയ്ത 1.5 കിലോമീറ്റർ ഭാഗം ഒഴിവാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 3,677 കിലോമീറ്റർ

(ബി) 10,96,301/- രൂപ

(സി) 2,177 കിലോമീറ്റർ റോഡ് 3 മീറ്റർ വീതിയിൽ ടാർ ചെയ്യാനാണുദ്ദേശിക്കുന്നത്.

(ഡി) ഒഴിവാക്കിയിട്ടുണ്ട്.

26 (1128) ഫിഷറീസ് റോഡ് നിർമ്മാണം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ധനകാര്യ കമ്മിഷനിൽ ഫിഷറീസ് റോഡ് നിർമ്മാണത്തിന് കണ്ണൂർ ജില്ലയിൽ അനുവദിച്ച തുക എത്രയാണ്;

(ബി) ഇതിൽ എത്ര തുക ഇതുവരെ ചെലവായിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനകം എത്ര റോഡിന്റെ പണി പൂർത്തിയായി;

(ഡി) ഇനി പണി പൂർത്തിയാവാൻ ബാക്കിയുള്ളത് എത്രയാണ്?

ഉത്തരം

(എ) 186 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 55,53,856/- രൂപ

(സി) 3 എണ്ണം

(ഡി) 13 എണ്ണം

27 (1129) സമ്പൂർണ്ണ ശുചിത്വ പരിപാടി

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ഇ.എം. അഗസ്തി :
ഡോക്ടർ എം.എ. കുട്ടപ്പൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന സമ്പൂർണ്ണശുചിത്വ പരിപാടിയിൻ കീഴിൽ ഇതുവരെ എത്ര പഞ്ചായത്തുകളെ കൊണ്ടു വന്നിട്ടുണ്ട്;

(ബി) നടപ്പുവർഷം എത്ര പഞ്ചായത്തുകളിൽക്കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുമെന്ന് പറയുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നുണ്ടോയെന്ന് പറയുമോ?

ഉത്തരം

(എ)&(ബി) സമ്പൂർണ്ണ ശുചിത്വ ആരോഗ്യപരിപാടി നടപ്പാക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന ശുചിത്വ ആരോഗ്യ മിഷന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. ഒന്നാം ഘട്ടം പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്ന പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഗ്രാമവികസന വകുപ്പു ഗ്രാമ പഞ്ചായത്തുകൾ മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത മാതൃകാ ശുചിത്വ ഗ്രാമ പരിപാടിയിൽ 1998-99 വരെ 19 പഞ്ചായത്തുകളുടെ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. 1998-2000-ൽ കേന്ദ്രാവിഷ്കൃത മാതൃകാ ശുചിത്വ ഗ്രാമ പരിപാടിയിൽ 3 പ്രോജക്ടുകൾക്കൂടി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽ 150 പഞ്ചായത്തുകളിൽ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) കേന്ദ്രാവിഷ്കൃത മാതൃകാ ശുചിത്വ ഗ്രാമപരിപാടിയിൽപ്പെടുന്ന പീലിക്കോട്, മറ്റത്തൂർ, വെങ്ങോല എന്നീ പഞ്ചായത്തുകൾ പദ്ധതി നിർവഹണത്തിൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. 1996-97 സാമ്പത്തിക വർഷം അനുവദിച്ച പ്രോജക്ടുകളിൽ ഇടുക്കി ജില്ലയിലെ വട്ടവട, വണ്ടൻമേട് പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 1998-99-ൽ അനുവദിച്ച പ്രോജക്ടുകളിൽ അനിക്കാട് (പത്തനംതിട്ട ജില്ല) കണ്ടല്ലൂർ (ആലപ്പുഴ ജില്ല) കോടം, ബേളൂർ, ചെറുവത്തൂർ (കാസർഗോഡ് ജില്ല) മുദാക്കൽ (തിരുവനന്തപുരം) പുളിക്കീഴ് ബ്ലോക്ക് (പത്തനംതിട്ട) പിണറായി (കണ്ണൂർ) എന്നിവയുടെ പ്രവർത്തം പ്രാരംഭ ദിശയിലാണ്. മറ്റു പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly